Santhigiri

ഉണ്മനിതകം

VOL 03 | ISSUE 45 | 2017 ഒക്ടോബർ 15 | 1193 കന്നി 29

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

"യുഗാന്തരധർമ്മത്തിന്റെ ഭക്തിനാശത്തെ പൂർണ്ണമായും എടുത്തുകളഞ്ഞുകൊണ്ട് യഥാർത്ഥ ഭക്തിയും ജ്ഞാനവും എന്തെന്ന് കാണിച്ചുകൊണ്ട് സത്യയുഗത്തിന്റെ മാർഗപ്പടവുകളെപ്പറ്റി അറിവ് പ്രദാനം ചെയ്യുന്ന കർമ്മമാണ് ശാന്തിഗിരിയിലെ ഗുരുപൂജ."

# ആശ്രമം ഡയറക്ടർ ബോർഡ് തുടരും

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമം ഡയറക്ടർ ബോർഡ് അംഗങ്ങൾ അടുത്ത ഒരു വർഷത്തേക്ക് കൂടി മാറ്റമില്ലാതെ തുടരുന്നതാണ്. ഒക്ടോബർ ഒൻപതിന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് യോഗത്തിലാണ് ഇതു സംബന്ധിച്ച ഗുരുകല്പന അറിയിച്ചത്. ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, വൈസ് പ്രസിഡന്റ് സ്വാമി പരിപൂർണ്ണ ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ഫിനാൻസ് സെക്രട്ടറി ജനനി നിർമ്മല ജ്ഞാനതപസ്വിനി, ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ജനനി പ്രതിഭ ജ്ഞാനതപസ്വിനി, ഡയറക്ടർ (ടെക്നിക്കൽ) സ്വാമി നവനന്മ ജ്ഞാനതപസ്വി, ഡയറക്ടർ(കോഡിനേഷൻ) ജനനി ഋഷിരത്ന ജ്ഞാനതപസ്വിനി, ഡയറക്ടർ(സർവീസസ്) സ്വാമി മഹിതൻ ജ്ഞാനതപസ്വി എന്നിവരാണ് ശാന്തിഗിരി ആശ്രമം ഡയറക്ടർ ബോർഡ് അംഗങ്ങൾ. സന്ന്യാസദീക്ഷാ വാർഷികത്തോടനുബന്ധിച്ചാണ് ഡയറക്ടർ ബോർഡ് അംഗങ്ങളെ സംബന്ധിച്ച ഗുരുകല്പന അറിയിക്കുന്നത്.



*സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി*



*സ്വാമി പരിപൂർണ്ണ ജ്ഞാനതപസ്വി*



*സ്വാമി ചൈതന്യ ജ്ഞാനതപസ്വി*



*സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി*



*സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി*



*സ്വാമി നവനന്മ ജ്ഞാനതപസ്വി*



*സ്വാമി മഹിതൻ ജ്ഞാനതപസ്വി*

# മ്യാൻമർ ഏഷ്യ മിഷൻ കോൺഫ്രൻസിൽ ശാന്തിഗിരി ആശ്രമത്തിന്റെ സാന്നിധ്യം ശ്രദ്ധേയമായി

**യംഗോൺ(മ്യാൻമർ):** മ്യാൻമറിൽ നടന്ന ഏഷ്യ മിഷൻ കോൺഫ്രൻസിൽ ശാന്തിഗിരി ആശ്രമം ഡയറക്ടർ (ടെക്നിക്കൽ) സ്വാമി നവനന്മ ജ്ഞാനതപസ്വി പ്രഭാഷണം നടത്തി. 'സനാതനധർമത്തിന്റെ സത്യവും വെളിച്ചവും' എന്ന വിഷയത്തിലാണ് സ്വാമി പ്രഭാഷണം നടത്തിയത്.

സനാതന ധർമ്മത്തിന്റെ യാഥാർത്ഥ്യം തുറന്നു കാട്ടുന്ന ശാന്തിഗിരി, മാറ്റത്തിന്റെ വലിയൊരു വാതായനമാണ് ലോകത്തിനു മുമ്പിൽ തുറന്നു വയ്ക്കുന്നതെന്ന് സ്വാമി നവനന്മ ജ്ഞാനതപസ്വി ചൂണ്ടിക്കാട്ടി. ലക്ഷോപലക്ഷം വർഷങ്ങളായി മനുഷ്യനിൽ രൂഢമൂലമായിരിക്കുന്ന അറിവും സംസ്കാരവും ജീവിതരീതിയും മനുഷ്യനെ നന്മയിലേക്ക് നയിക്കാൻപര്യാപ്തമാകുന്നുണ്ടോ ഇല്ലയോ എന്നതാണ് ഇന്നത്തെ വിഷയം. പര്യാപ്തമാകുന്നില്ലെങ്കിൽ അതിനെ പിൻപറ്റുന്നതിൽ അർത്ഥമുണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. സമൂഹം നശിക്കാതിരിക്കണമെങ്കിൽ അടിസ്ഥാപരമായ ചില മാറ്റങ്ങൾ വന്നേ തീരൂ. നിയമം മാറിയതുകൊണ്ടോ ഭരണകൂടം മാറിയതുകൊണ്ടോ ആയില്ല. മനുഷ്യന്റെ മനസിലും വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ജീവിതരീതിയിലും ആകമാനം മാറ്റം വരണം. ഉള്ളിൽ നിൽക്കുന്ന വികലചിന്തകളും മൃഗീയവാസനകളും സ്വഭാവവൈകല്യങ്ങളും മാറണം. സാധാരണ മനുഷ്യരും മഹാത്മാക്കളുമടക്കം ഏതാണ്ടെല്ലാവരും തോറ്റുപോകുന്ന രംഗമാണിത്.

പോയ യുഗങ്ങളുടെ ധർമ്മം തങ്ങളുടെ അറിവിനൊത്തു പെറുക്കിയെടുത്ത് ഇന്നത്തെ ലോകത്തെ ധരിപ്പിക്കാനാണ് ചിലരെങ്കിലും ശ്രമിക്കുന്നത്. കാലഹരണപ്പെട്ട ആ ധർമ്മങ്ങൾ ഇന്നിന്റെ ധർമ്മമാണെന്നു തെറ്റിദ്ധരിച്ചാണ് കൊണ്ടുവരുന്നത്. വേറെ ചിലർ ധർമ്മമോ അധർമ്മമോ തിരിച്ചറിയാതെ വസ്തുതകളെ യുക്തിബോധത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചും വിസ്തരിച്ചും മനുഷ്യമസ്തിഷ്കത്തെ പ്രക്ഷാളനം ചെയ്യാനൊരുങ്ങുന്നു. മറ്റു ചിലർ യോഗമാർഗമെന്നും കർമ്മമാർഗമെന്നും ഭക്തിമാർഗമെന്നും ജ്ഞാനമാർഗമെന്നും ആചാര്യമാർഗമെന്നും പ്രവാചകമാർഗമെന്നും പറഞ്ഞു പഴയതിനെ പുതിയതാക്കി കൊണ്ടുവരുന്നു. ഫലത്തിൽ ഇവയൊന്നും മനുഷ്യനെ, അവനകപ്പെട്ടിരിക്കുന്ന ഇരുട്ടിൽ നിന്നും പുറത്തു കടത്താൻ പര്യാപ്തമാകുന്നില്ല. ലോകത്തിന്റെ ഈ പ്രതിസന്ധിക്കുള്ള പരിഹാരമാണ് ശാന്തിഗിരി ആശ്രമത്തിലൂടെ നവജ്യോതിശ്രീ കരുണാകര ഗുരു മുന്നോട്ടു വയ്ക്കുന്നത്. ദൈവനിശ്ചയമായി കിട്ടിയതാണ് ശാന്തിഗിരയുടെ മാർഗം. ഈ മാർഗം എല്ലാറ്റിനെയും എല്ലാവരെയും സ്വീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. അത് യാതൊന്നിനെയും നിരാകരിക്കുകയോ താഴ്ത്തിക്കെട്ടുകയോ ചെയ്യുന്നില്ല. എല്ലാറ്റിനെയും മഹത്വപ്പെടുത്തുന്നു. കാരണം അതിന്റെ അന്ത:സത്ത മഹത്വമാണ്,സ്നേഹമാണ്. അങ്ങേയറ്റത്തെ ഗുരുത്വമാണ്. ഗുരുത്വമെന്നത് ദൈവത്തിന്റെ സ്നേഹമാണ്. ആ സ്നേഹം ത്യാഗം കൊണ്ട് നേടിയെടുത്തവരാണ് മഹാത്മാക്കൾ. മഹാത്മാക്കളിൽ മഹാത്മാവാണ് ഗുരു. ഗുരുവാണ് എല്ലാറ്റിലും എല്ലാമായി നിന്നുകൊണ്ട് ശാന്തിഗിരിയെ നയിക്കുന്നത്. ശാന്തിഗിരിയിലൂടെ, ഗുരുവിലൂടെ, ലോകം മാറ്റത്തിന്റെ വസന്തശോഭയി

(ശേഷം 3-ാം പേജിൽ)




*മ്യാൻമറിലെ യംഗോണിൽ നടന്ന ഏഷ്യ മിഷൻ കോൺഫ്രൻസിൽ സ്വാമി നവനന്മ ജ്ഞാനതപസ്വി സംസാരിക്കുന്നു*

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

അങ്ങോട്ട് പോകുമ്പോൾ കാണുന്നതിനനുസരിച്ച് വളരുകയാണെങ്കിൽ ഈ വളരുന്നതിനനുസരിച്ച് ഇവനെ നോവിക്കും. കാരണം ഇവൻ ചെയ്യുന്നതിലൊക്കെ തെറ്റുകാണും. അതെങ്ങനെ തിരുത്തും? ഇവനെ ക്ഷോഭിച്ചായിരിക്കും തിരുത്തുന്നത്. വേറൊരുത്തനു ഒരു നോട്ടം മാത്രം മതി. അറിവുള്ളവൻ ആ നോട്ടത്തിൽനിന്നും മനസ്സിലാക്കും. അതിനടുത്തവനെ വിളിച്ച് പറഞ്ഞ് തിരുത്തും. നാലാമതൊരുത്തനെ ചെയ്തുകാണിച്ചായിരിക്കും തിരുത്തുന്നത്. അതിനടുത്തവനാണെങ്കിൽ നോട്ടംകൊണ്ടും മനസ്സിലാകില്ല, വിളിച്ചുപറഞ്ഞാലും ക്ഷോഭിച്ചാലും ചെയ്തുകാണിച്ചാലും മനസ്സിലാകില്ല. ഗുരുവിന്റെ അടുത്ത് നിൽക്കുന്നവർ വലിയ അറിവുള്ളവരല്ലെങ്കിൽ അബദ്ധം പറ്റുമെന്ന് പറഞ്ഞത് അതാണ്. ഒരു പ്രാവശ്യം പറയുന്ന തെറ്റ് വീണ്ടും എടുത്തുപറയാൻ ഗുരുവിന് അവൻ അവസരം കൊടുക്കുകയില്ല. ഗുരുശിഷ്യബന്ധം അതാണ്. പിന്നെ എന്തുതരത്തിലായാലും അവർ അതിനെ തെറ്റിച്ച് ചെയ്യുകയേ ഇല്ല. ഇങ്ങനെ വരുന്നവർ ചുരുക്കംപേരേ ഉള്ളൂ. അതാണ് 'ലക്ഷണമൊത്തവരൊന്നോരണ്ടോ' എന്നു പറയുന്നത്. ഇങ്ങനെയുള്ള ഗുരുപരമ്പരയെപ്പറ്റി ആളുകൾ എങ്ങനെ അറിയും. അവർക്ക് ഇത് മനസ്സിലാക്കാനുള്ള കഴിവില്ല. കാരണം അവരുടെ ജന്മാന്തരം അതിനുതകുകില്ല. ഇത് മനസ്സിലാക്കിക്കൊണ്ട് ഒരു സ്ഥലത്ത് അറിവുള്ള രണ്ടോ നാലോ പേര് കാണും. അതിൽ കൂടുതൽ കാണുകയില്ല. ആ നാലുപേരും കൂടി ലക്ഷംപേരെയങ്ങ് നിയന്ത്രിക്കും. ആ ലക്ഷം പേരെയും നിയന്ത്രിക്കാൻ അവരെ നിർത്തിയിരിക്കുകയാണ്. അവരെ നാം അനുസരിക്കുകയും വേണം. അങ്ങനെ അനുസരിച്ചാലേ നമുക്കീ പാരമ്പര്യത്തെ കൊണ്ടുപോകാനൊക്കൂ. അല്ലെങ്കിൽ അവനെന്തുകാര്യം - ഞാനാര് എന്നൊക്കെ ചോദിച്ചാൽ ഈ പാരമ്പര്യം നടക്കുകയില്ല. ചിലപ്പോൾ തെറ്റായിരിക്കും പറഞ്ഞത്. കാരണം അനവധി കാര്യങ്ങളിലിടപെടുമ്പോൾ തെറ്റു വരും. കഥയറിയാതെ ചിലപ്പോൾ സംസാരിച്ചെന്നു വരും. അല്ലെങ്കിൽ പലരും നിൽക്കുമ്പോഴായിരിക്കും അയാൾ പറയുന്നത്. അപ്പോൾ അനുസരിച്ചുകൊണ്ട് വീണ്ടും രണ്ടോ നാലോ പ്രാവശ്യം തിരുത്തിക്കഴിയുമ്പോൾ ചെയ്യുന്നവനും ഈ ചെയ്യിക്കുന്നവനും തിരുത്തപ്പെടും. രണ്ടുപേരും രണ്ടുവഴിയിൽ വലിയ നില പ്രാപിച്ചുകഴിയും. ഒരിക്കലും തിരുത്താനുള്ള അവസരം കൊടുക്കാതിരിക്കുകയാണെങ്കിൽ ഇത് സാധിക്കുകയില്ല. ഈ അനുസരണയില്ലായ്മ എവിടെയുണ്ടെങ്കിലും തീർന്നു. ആ പരമ്പരയ്ക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഇതൊക്കെ ജനിക്കുമ്പോൾത്തന്നെ പഠിച്ചുകൊണ്ട് വരാനൊക്കുന്നതല്ലല്ലോ. അതിന് നമ്മൾ പരിചയിക്കുകയും ഇഞ്ചിഞ്ചായി കഷ്ടപ്പെടുകയും ചെയ്താലേ നടക്കൂ. ഇത്രയും തികഞ്ഞ ജന്മമെടുത്തുവന്നിട്ട് ഈ മഹാത്മാക്കൾ എന്തൊക്കെയാണ് കഷ്ടപ്പെട്ടിരിക്കുന്നത്. അതൊക്കെ നാം കാണണം. ഗുരുശിഷ്യബന്ധത്തിൽ ഈ വക പരിചയം നിങ്ങൾക്കുണ്ടായിട്ടില്ല. അത് നിങ്ങളുടെ കുറ്റമല്ലെങ്കിലും ഇതൊക്കെ നിരത്തി പഠിച്ചാലേ പറ്റൂ. ഇന്നത് ചെയ്തുകൂടാത്തതാണെന്നോ പറഞ്ഞുകൂടാത്തതാണെന്നോ അല്ലെങ്കിൽ അത് നമ്മുടെ വിനയത്തിൽപ്പെട്ടതല്ലെന്നോ ഉള്ള ഒരു ഓർമ മനസ്സിൽ വന്നിട്ട് നാം അതിൽനിന്നും മാറിക്കളയും. അങ്ങനെ പത്തുതവണ മാറുമ്പോൾ ഒരു തിരിവുണ്ടാകും. ഇത് ആയിരം തവണയാകുമ്പോൾ നൂറ് തിരിവ് കിട്ടിയില്ലേ? ഇതാണ് ഗുരുശിഷ്യബന്ധത്തിൽ നമുക്കാവശ്യം. നമുക്ക് ഇതിങ്ങോട്ട് ചോർത്തിയെടുക്കാൻ അത്ര എളുപ്പമല്ല. അത് നമ്മുടെ വാസനകൊണ്ടും സഹചാരിത്വം കൊണ്ടും ആ വിനയംകൊണ്ടും മാത്രമേ എടുക്കാൻ പറ്റൂ. ഇതാണ് നമ്മുടെ വിജയം. ഇതൊക്കെ പഠിക്കാൻ കുറെ ബുദ്ധിമുട്ടുണ്ട്. ഞാൻ അടുത്തു നിൽക്കുകയാണ്, ഞാൻ കണ്ടിട്ടുണ്ട്, കേട്ടിട്ടുണ്ട് എനിക്കറിയാം, ഞാൻ അവിടെ പോയിട്ടുണ്ട് എന്നൊക്കെ പറയുന്ന ഒരു ദോഷം നമുക്കുണ്ട്. അങ്ങനെ കണ്ടോ കേട്ടോ ചെന്നോ ഒന്നും അറിയുന്നതല്ല ഇത്. അതൊരു സംസ്കാരമാണ്. ആ സംസ്കാരത്തോടിണങ്ങിപ്പോകാൻ കഴിയാത്തിടത്തോളംകാലം അവൻ താഴെത്തന്നെയാണ്.

## വചനദീപ്തി

"നമുക്ക് വെറും വസ്തുസ്ഥിതിവിവരങ്ങൾ നല്കുന്നതല്ല ഏറ്റവും സമുന്നതമായ വിദ്യാഭ്യാസം. മറിച്ച് നമ്മുടെ ജീവിതത്തെ ചുറ്റും നിലനില്ക്കുന്ന സർവവുമായി ഇണക്കിച്ചേർക്കുന്നതാണ്."

**മഹാകവി രവീന്ദ്രനാഥ ടാഗോർ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ഒക്ടോബർ 15 മുതൽ 21 വരെ*

**ഞായർ** – **കരുണപുരം**
**തിങ്കൾ** – **ശാന്തിഗിരി ജംഗ്ഷൻ**
**ചൊവ്വ** – **ലക്ഷ്മിപുരം**
**ബുധൻ** – **ആനന്ദപുരം**
**വ്യാഴം** – **ജനസേവികപുരം**
**വെള്ളി** – **രത്നഗിരി**
**ശനി** – **സ്നേഹപുരം**

## യാമപ്രാർത്ഥന

*2017 ഒക്ടോബർ 19 വ്യാഴം*

**ശാന്തിപുരം, കരുണപുരം, ജനസേവികപുരം**

## പ്രകാശപഥം

# വാത്സല്യാമൃതം തൂകുന്ന ഗുരുപ്രകാശം

ഗുരു കാണിച്ചുതരുന്ന പാതയിൽ ഗുരുവാക്ക് അനുസരിച്ച് വിശ്വസിക്കുന്ന ഒരു വിശ്വാസിയാണ് യഥാർത്ഥമായ വിശ്വാസത്തിന്റെ വശത്തേക്ക് വരുന്നത്. അവിടെയാണ് ഗുരുവിന്റെ ജന്മവും നമ്മളുമായിട്ട് പങ്കിടുന്ന തപോബലസുകൃതങ്ങളുടെ നൊമ്പരം, അല്ലെങ്കിൽ വാത്സല്യാമൃതമായിരിക്കുന്ന ആ പ്രകാശധാരയെ നാം എങ്ങനെയാണ് ഏറ്റെടുക്കേണ്ടതെന്ന് കർമത്തിൽക്കൂടി മനസിലാക്കുന്നത്. ആ കർമ്മമാണ് ധർമ്മമായി വരുന്നത്. അവിടെ ഭാഗ്യവും ഭാഗ്യത്തിൽ വച്ച് ഭാഗ്യമായിത്തീരുന്ന പുണ്യാംശത്തിലേക്ക് കടക്കുകയാണ്. അത് ജന്മാന്തരങ്ങളോടെ നില്ക്കുന്ന ഒരു സഞ്ചിതകർമത്തിന്റെ ബാക്കിയായിട്ട് ഈ ലോകത്തും സൗരയൂഥങ്ങളിലൂടെയും ഒഴുകി വിന്യസിച്ചു നില്ക്കുന്ന ഒരു പ്രകാശധാരയായി മാറുകയാണ്. പൂർണ്ണവും പൂർണ്ണത്തിൽ വച്ച് പൂർണ്ണവുമായി ഏകപ്പൊരുളായി നില്ക്കുന്ന ആ സ്രോതസിനെ തിളങ്ങുന്ന ഒരു ദിനമായി നാം കാണുകയാണ്.

നമ്മുടെ ഓരോരുത്തരുടെയും ജീവനിലിരിക്കുന്ന കർമഗതിയെന്നു പറയുന്ന ഭാഗം മാറ്റിയെടുക്കാൻ നാം ശ്രമിക്കണം. അതിന്റെ മറ്റൊരു വഴിയാണ് ഞാൻ പറഞ്ഞത്. അത് ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും തുരീയത്തിലും തുരീയാതീതത്തിലും ഈ അനുഭവത്തിൽക്കൂടി ഗുരു ദൈവമാണെന്നും പരബ്രഹ്മശക്തിയാണെന്നും അല്ലെങ്കിൽ പരബ്രഹ്മത്തിനതീതമായ ഒരു പ്രകാശധാരയാണെന്നും അതല്ല ആദിവേദപ്പൊരുളിൽ പറഞ്ഞിരിക്കുന്ന ഏതോ അതുല്യസത്യമാണ് എന്നും കണ്ടറിയുകയാണ്. ആ സത്യമാണ് സകലത്തിലേക്കും പ്രസരിക്കുന്നതെന്നും അവിടെയാണ് സത്യപ്രകാശമെന്നും സത്യത്തിനപ്പുറം ഏതൊക്കെ പ്രകാശധാരകളുണ്ടെന്നും ആ പ്രകാശധാരകളിൽ കൂടി സഞ്ചരിക്കുമ്പോൾ മനുഷ്യന്റെ മാംസക്കണ്ണുകൾ കൊണ്ട് തിരിച്ചറിയുന്ന ഭാഗവും തിരിച്ചറിയാത്ത ഭാഗവും അങ്ങനെ പ്രകാശാതീതമായ വേഗത്തിലേക്ക് പോവുന്ന പ്രകാശത്തിനപ്പുറം നില്ക്കുന്ന ഒരു ദാതാവെന്ന നിലയിൽ നമ്മുടെ ഗുരു പ്രവർത്തിച്ചെടുക്കുന്ന കർമ്മങ്ങളെയും നാം കാണുകയാണ്. അതിനെപ്പറ്റി നാം ഓർക്കുകയും ആ ഓർമ്മ നമ്മുടെ ജീവിതലക്ഷ്യമാകുന്ന വിശ്വാസത്തിലും ഭക്തിയിലും ആ ഭക്തിയിലുള്ള നിശ്ചയദാർഢ്യത്തിലും ധൈര്യത്തിലും നാം ഒരുപോലെ ചെയ്തെടുക്കുന്ന ഒരു കർമ്മമായിത്തീരണം. അതു തന്നെയാണ് ഗുരുവിന്റെ ലക്ഷ്യവും ഗുരുപൂജയും ശാന്തിഗിരിയുടെ ലക്ഷ്യവും പ്രാപ്തിയും എന്ന് നമ്മൾ മനസിലാക്കുകയും അത് ചെയ്തെടുക്കുന്ന ഒരു ഉപകരണമായിട്ട് നമ്മൾ മാറുകയും വേണം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# സാംസ്കാരിക നവോത്ഥാനം ഗുരുവിന്റെ വിഭാവനയിൽ

ലോകം എത്ര മനോഹരമാണ്, അത് സംസ്കാരസമ്പന്നമായിരുന്നെങ്കിൽ. സംസ്കാരസമ്പന്നതയുടെ ഗണത്തിൽ എന്നും ഒരു ന്യൂനപക്ഷമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ ജീവിതതാപത്തിലാണ് യഥാർത്ഥ സംസ്കാരം നിലകൊള്ളുന്നത്. സ്വപ്രയത്നം കൊണ്ട് നൈസർഗികമായ സത്ത തെളിച്ചെടുക്കാനുള്ള സാംസ്കാരിക പരിശ്രമങ്ങളിലേക്ക് സാമാന്യജനങ്ങളെ കൊണ്ടുചെന്നെത്തിച്ചാൽ അവർക്കും സംസ്കാരത്തിന്റെ പന്ഥാവിലൂടെ സഞ്ചരിക്കാൻ കഴിയും.

മനുഷ്യന്റെ ജീവിതതത്വം ആത്മാവിനെ ആവരണം ചെയ്തിരിക്കുന്ന അജ്ഞാനത്തെ നീക്കാനുതകുന്ന നന്മ ഉള്ളിൽ വഹിക്കുക എന്നതാണ്. അപ്പോൾ താൻ ആരാണെന്ന് സ്വയം അറിയാൻ കഴിയും. സ്വയം അറിയുന്നതിലൂടെ നമ്മെ അലട്ടുന്ന എല്ലാ സമസ്യകൾക്കും ഉത്തരം ലഭിക്കും. അതിന് അനിവാര്യമായ ഗുണങ്ങൾ പ്രാർത്ഥന, സ്നേഹം, ദയ, യുഗധർമ്മത്തോടുള്ള നിഷ്ഠ, നീതിയോടുള്ള വ്യഗ്രത, ധൈര്യം എന്നിവയാണ്. ഈ ഗുണങ്ങൾ ആചരിച്ചും ശീലിച്ചും ആർജ്ജിക്കുന്ന സംസ്കാരത്തിൽ ഉറപ്പിച്ച പൈതൃകം മാത്രമെ ചിരന്തനമായി നിലനില്ക്കൂ.

സംസ്കാരം ജീവിതത്തിന്റെ ശാസ്ത്രമാകുന്നു. ജീവിതകാലത്തിലെ ഓരോ സാഹചര്യവും പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ദുർബലതകളെയും അതിജീവിക്കാൻ തക്കവിധം നിത്യസംബന്ധമാക്കേണ്ടതുണ്ട്. നമ്മൾ പഠിക്കുന്ന തത്വങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി തീരുകയും നമ്മുടെ കർമ്മങ്ങളിലൂടെ പ്രകാശിക്കുകയും ചെയ്യണം. ഇതാണ് ദൈവത്തിലേക്കുള്ള വഴി.

നിങ്ങൾ ജനിക്കുന്നതിനു മുമ്പുള്ള നിങ്ങളുടെ മുഖം ഓർമ്മയുണ്ടോ എന്ന് ഒരു സെൻ സന്ന്യാസി ചോദിച്ചിട്ടുണ്ട്. അതെ എന്നുത്തരം പറയാൻ കഴിയണമെങ്കിൽ സംസ്കാരത്താൽ സമ്പന്നമായിരിക്കണം വർത്തമാനകാല ജീവിതം. ആ ജീവിതം ഗതകാലത്തിലേക്കും വരുംകാലത്തിലേക്കും തുറന്നുവച്ച സംസ്കാരത്താൽ ഔന്നത്യം പ്രാപിച്ചിരിക്കണം. ഭൂതകാലത്തിന്റെ പരപ്പിൽ സ്മൃതിയുടെ അവ്യവസ്ഥിതമായ പ്രകാശമാണുള്ളത്. ആ പ്രകാശത്തിൽ മൂടിയും മങ്ങിയും തെളിഞ്ഞും കിടക്കുന്ന പൂർവജീവിതാനുഭവങ്ങളെ തെളിച്ചെടുക്കാൻ ജീവസുറ്റ മറ്റൊരു പ്രകാശവുമായി ബന്ധിപ്പിക്കപ്പെടണം. ഒരു ദീപയഷ്ടിപോലെ ആ പ്രകാശത്തിലേക്ക് നയിക്കുന്ന ബന്ധമാണ് ജീവിതത്തിന്റെ പ്രചോദനശക്തി. ആ ബന്ധം ദിവ്യമാണ്, ഏറ്റവും ശ്രേഷ്ഠമാണ്. അതാണ് ഗുരുശിഷ്യബന്ധം. ആ ബന്ധം ശിഷ്യനെ ഗുരുവിന്റെ പ്രകാശത്തിലേക്ക് നയിക്കുന്ന അന്ത:സാന്നിദ്ധ്യമായി വർത്തിക്കുന്നു.

ജീവിതസൗകര്യങ്ങൾ വർദ്ധിക്കുന്നതല്ല സംസ്കാരത്തിന്റെ മാനദണ്ഡം. വയർ നിറച്ചുണ്ണുന്നവൻ, മിനുമിനുത്ത പട്ടാംബരം ചാർത്തുന്നവൻ, വിമാനത്തിൽ സഞ്ചരിക്കുന്നവൻ ഇവരൊന്നും പട്ടിണിക്കാരനെക്കാൾ, മരത്തൊലി ഉടുക്കുന്നവനേക്കാൾ, കാളവണ്ടിയിലും കഴുതപ്പുറത്തും രഥത്തിലും സഞ്ചരിച്ചിരുന്നവരേക്കാൾ സംസ്കാരസമ്പന്നരല്ല. അങ്ങനെ ആയിരുന്നുവെങ്കിൽ ശ്രീകൃഷ്ണനും യേശുക്രിസ്തുവും ഒക്കെ സംസ്കാരശൂന്യരായിരുന്നു എന്നു പറയേണ്ടിവരും.

സാംസ്കാരിക നവോത്ഥാനയത്നങ്ങൾ ലോകമെമ്പാടും എത്രയോ നടന്നിരിക്കുന്നു. അവ സമൂഹശുദ്ധിക്കോ വ്യക്തിശുദ്ധിക്കോ ഉതകാതെ പോയത് കാലത്തിനൊത്ത ധാർമ്മിക വിഭാവനയുള്ള ഒരാശയത്തെ പിൻപറ്റാത്തതുകൊണ്ടാണ്. വാസ്തവത്തിൽ സാംസ്കാരിക നവോത്ഥാനം ആദ്യം വരുത്തേണ്ടത് സൂക്ഷ്മത്തിലാണ്. അതിനുശേഷമേ ഫലപ്രദമായി സ്ഥൂലത്തിൽ വരുത്താൻ കഴിയൂ. ദുഷിച്ചുപോയ സാംസ്കാരികരംഗം ഒരു പ്രതിപ്രവർത്തനത്തിലൂടെ ശുദ്ധീകരിക്കേണ്ടിയിരിക്കുന്നു. അതുവഴി നവ്യമായ ഒരു മാതൃകാ കർമ്മശേഷി ആർജ്ജിക്കണം. ഇതിനുവേണ്ടിയാണ് ഗുരു, ശാന്തിഗിരിയുടെ സാംസ്കാരിക പദ്ധതിയ്ക്ക് രൂപം നല്കിയത്.

സാംസ്കാരിക നവോത്ഥാനങ്ങളെക്കുറിച്ചുള്ള ഗുരുവിന്റെ വിഭാവന ഇതാണ്: "യുഗധർമ്മം അനുസരിക്കാതെ പ്രവർത്തിച്ചു സ്ഥാപിച്ചിരിക്കുന്ന പ്രപഞ്ച കർമശേഷിയെ കാലധർമ്മം അനുസരിച്ചുകൊണ്ട് പ്രവർത്തിച്ചെത്തിക്കുന്ന കർമശേഷികൊണ്ട് പുനർസൃഷ്ടിക്കുക."

# ജന്മഗൃഹ തീർത്ഥയാത്ര ഇനി ഗൃഹസ്ഥാശ്രമസംഘം യൂണിറ്റുകളുടെ നേതൃത്വത്തിൽ

**സ്പിരിചൽ സോൺ:** ചന്ദിരൂരിലെ ഗുരുവിന്റെ ജന്മഗൃഹത്തിലേക്കു നടത്തുന്ന ചോതി നാളിലെ തീർത്ഥയാത്ര ഈ മാസം മുതൽ ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിലെ ഓരോ യൂണിറ്റുകളുടെയും നേതൃത്വത്തിൽ നടത്തുന്നതാണ്. ഗൃഹസ്ഥാശ്രമസംഘത്തിന്റെ 12 യൂണിറ്റുകളും ഒരു വർഷത്തെ തീർത്ഥയാത്രയിൽ പങ്കുകൊള്ളുന്ന വിധമാണ് പുതിയ ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്. ഒക്ടോബർ 21 ശനിയാഴ്ച നടക്കുന്ന ജന്മഗൃഹ തീർത്ഥയാത്രയിൽ ആനന്ദപുരം യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കും. അതിരാവിലെ മൂന്നു മണിയുടെ ആരാധനയ്ക്ക് ശേഷം ആശ്രമത്തിൽ നിന്ന് തിരിക്കുന്ന യാത്രാസംഘം എട്ടു മണിയോടെ ചന്ദിരൂരിലെത്തിച്ചേരും. തുടർന്ന് സ്നേഹ ഓയിൽ മിൽ കോംപൗണ്ടിൽ നിന്ന് തീർത്ഥയാത്രയായി ജന്മഗൃഹത്തിലേക്ക് തിരിക്കും. ഓങ്കാരാങ്കിത ആശ്രമധ്വജത്തിനു പിന്നാലെ വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ തീർത്ഥാടകർ കൈകളിൽ കത്തിച്ച ചന്ദനത്തിരികളും നാവിൽ അഖണ്ഡനാമജപവുമായി തീർത്ഥയാത്രയിൽ പങ്കുചേരും. തുടർന്ന് ഒൻപത് മണിയ്ക്കുള്ള ആരാധനയ്ക്ക് ശേഷം ജന്മഗൃഹത്തിൽ സത്സംഗവും ഉണ്ടായിരിക്കും.

വരുംകാലത്ത് ലോകത്തിന്റെ തീർത്ഥാടനകേന്ദ്രമായി മാറേണ്ടുന്ന ഗുരുവിന്റെ ജന്മഗൃഹത്തിലേക്കുള്ള തീർത്ഥയാത്രയിൽ പങ്കുചേരുന്നത് വലിയ ഭാഗ്യമാണ്. ആർജിത കർമ്മമുള്ളവരെ സംബന്ധിച്ചിടത്തോളം ഉത്കൃഷ്ടചിന്തകളുടെയും നിവൃത്തിമാർഗങ്ങളുടെയും ഉപാധിയായി തീർത്ഥയാത്ര പരിണമിക്കുന്നു. പ്രപഞ്ചത്തിലെ സമസ്ത തീർത്ഥങ്ങളും കാലാന്തരഗുരുവിലാണു സംഗമിക്കുന്നത്. സൃഷ്ടി ആരംഭിക്കുന്നതിനു മുൻപു മുതലേ ദൈവത്തിനിച്ഛയുണ്ട്. ആ ഇച്ഛ സങ്കല്പശക്തിയായി കാലാന്തരഗുരുവിൽ സ്ഥിതി ചെയ്യുന്നു. കർമ്മം, ഭക്തി, യോഗം, ജ്ഞാനം ഇവയിലൂടെ കാലാന്തരഗുരു,കാലധർമ്മത്തിന്റെ അനുസ്യൂതിയെ അനിവാര്യമാക്കുന്നു.

ഗൃഹസ്ഥാശ്രമിയുടെ കർമ്മംകൊണ്ട് സന്ന്യാസിധർമ്മത്തെ സ്ഥാപിക്കണം. പക്ഷെ ആ ഗൃഹസ്ഥാശ്രമി അവധൂത് എന്ന ആത്മദൂതിന് യോഗ്യനാകേണ്ടതുണ്ട്. താൻ എത്ര തന്നെ ത്യാഗപ്പെട്ട് പ്രവർത്തിച്ചാലും കിട്ടാത്ത ധന്യത കാലാന്തരഗുരുവിനോടൊപ്പമുള്ള ഒരു തീർത്ഥയാത്രയിൽ നിന്ന് അവന് ലഭിക്കുന്നു, ലൗകിക ജീവിതത്തിൽ നിന്ന് വേർപെട്ടു നില്കാതെ തന്നെ. ഗുരുവിന്റെ മണ്ഡലം തന്നെ വളരെയേറെ സാന്ദ്രതയേറിയ ഒരു തീർത്ഥമാണ്. അത്യധികം ഊർജ്ജവൽക്കരിക്കപ്പെട്ട തരംഗങ്ങൾ സൃഷ്ടിക്കുന്ന അതിശയനീയമായ പ്രകാശമണ്ഡലമാണത്. അതിൽ സർഗാത്മകവും വിമോചനാത്മകവുമായ ചൈതന്യം നിറഞ്ഞുതുളുമ്പുന്നു. ആ മണ്ഡലത്തിൽ എത്തിപ്പെടുന്ന പാകമായ ഒരു വ്യക്തിക്ക് അപാരതയിലേക്കുപോലും ആന്തരികമായി സഞ്ചരിക്കാൻ കഴിയും, ഹൃദയത്തിൽ ജ്ഞാനാമൃതദീപങ്ങൾ തെളിക്കാനും.

# ശാന്തിഗിരി വിദ്യാഭവൻ 'കലാഞ്ജലി 2017'

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ ഈ വർഷത്തെ കലാമേള 'കലാഞ്ജലി 2017' ഒക്ടോബർ ആറിന് ശാന്തിഗിരി വിദ്യാഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കലാമേളയുടെ ഉദ്ഘാടനം പിന്നണി ഗായിക അഖില ആനന്ദ് നിർവഹിച്ചു. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ, ഇൻ ചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, പ്രിൻസിപ്പൽ ജനനി കൃപ ജ്ഞാനതപസ്വിനി, വൈസ് പ്രിൻസിപ്പൽ എസ്.വി.ശ്രീജിത്ത്,എച്ച്.പ്രേംദാസ് തുടങ്ങിയവർ സംബന്ധിച്ചു. വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ആസ്വാദകരുടെ പ്രശംസ നേടി.


കലാഞ്ജലി -2017 പിന്നണി ഗായിക അഖില ആനന്ദ് ഉദ്ഘാടനം ചെയ്യുന്നു

# ആയുർ എക്സലൻസ് അവാർഡ് ശാന്തിഗിരിക്ക്

**തിരുവനന്തപുരം:** മെഡിബിസ് റ്റി.വി.യുടെ ആയുർ എക്സലൻസ് അവാർഡ് ശാന്തിഗിരിക്ക്. മികച്ച ആയുർവേദ-സിദ്ധ മെഡിക്കൽ കോളേജിനുള്ള അവാർഡാണ് ശാന്തിഗിരിക്ക് ലഭിച്ചത്. തിരുവനന്തപുരത്ത് നടന്ന മെഡിബിസ് ആയുർഹോം ഉദ്ഘാടന ചടങ്ങിൽ വച്ച് ആശ്രമം മീഡിയ റിലേഷൻസ് കോഡിനേറ്റർ ദർശീൽ ഭട്ട് അവാർഡ് ഏറ്റുവാങ്ങി. മെഡിബിസ് ആയുർ ഹോം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ പരമ്പരാഗത ശാസ്ത്രമായ ആയുർവേദവും സിദ്ധവും മെഡിക്കൽ ടൂറിസം രംഗത്ത് നിർണായകമായ പങ്കുവഹിക്കുന്നുണ്ടെന്നും ഇതു തിരിച്ചറിഞ്ഞ് മെഡിക്കൽ ടൂറിസം രംഗത്ത് പരിവർത്തനം സാധ്യമാക്കണമെന്നും സ്വാമി പറഞ്ഞു. ആരോഗ്യരംഗത്തെ ആദ്യ ആഗോള ചാനലാണ് മെഡിബിസ് ടി.വി.


മെഡിബിസ് ആയുർ ഹോം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു

## പൊതുയോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 8 ഞായറാഴ്ച രാവിലെ 7.45 ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വച്ച് പൊതുയോഗം നടന്നു. മീറ്റിംഗിൽ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ജനനി പ്രമീള ജ്ഞാനതപസ്വിനി, വി.എൻ. ഗോപാലകൃഷ്ണൻ, രാജീവ് എസ്., പ്രമോദ് എം.പി. എന്നിവർ പങ്കെടുത്തു. കുട്ടികളെ ആശയാധിഷ്ഠിതമായി വളർത്തുന്നത് സംബന്ധിച്ച് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി ക്ലാസ് എടുത്തു.

## ഏഷ്യ മിഷൻ കോൺഫ്രൻസ്

*(ഒന്നാം പേജ് തുടർച്ച)*

ലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. സ്വാമി നവനന്മജ്ഞാന തപസ്വി പറഞ്ഞു.

ലോകമൊട്ടാകെയുള്ള വിവിധ മതപണ്ഡിതന്മാരും ആത്മീയനേതാക്കളും ഉൾപ്പെടെ അയ്യായിരത്തോളം പ്രതിനിധികൾ ഒക്ടോബർ 12 മുതൽ അഞ്ച് ദിവസം നീണ്ട കോൺഫ്രൻസിൽ പങ്കെടുത്തു. ക്രിസ്റ്റ്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യയാണ് പരിപാടി സംഘടിപ്പിച്ചത്. തായ്‌ലണ്ട് ആസ്ഥാനമായ ഈ സംഘടനയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് ഏഷ്യ മിഷൻ കോൺഫ്രൻസ് സംഘടിപ്പിച്ചത്.


*ശാന്തിഗിരി ജംഗ്ഷൻ യൂണിറ്റ് പ്രാർത്ഥനായോഗത്തിൽ നിന്ന്*


*ലക്ഷ്മിപുരം യൂണിറ്റ് പ്രാർത്ഥനായോഗത്തിൽ നിന്ന്*



*ഹരിതകേരളം പദ്ധതിപ്രകാരം നടത്തിയ പ്രവർത്തനത്തിൽ വിജയിച്ച ബി. ഭക്തപ്രിയൻ. ജനസേവികപുരം യൂണിറ്റിലെ എൻ.പി. ബാബുരാജിന്റെയും പി. പ്രത്യുഷയുടെയും മകനാണ്.*

## എച്ച്.ആർ. വാർത്തകൾ

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് ജനറൽ കൺവീനർ (അഡ്മിനിസ്ട്രേഷൻ) ആയി കെ.സി. മീരയെ നിയമിച്ചു.

# ശാന്തിഗിരി ഔഷധശാല പട്ടത്ത് പ്രവർത്തനം ആരംഭിച്ചു



*ശാന്തിഗിരി ഔഷധശാല വി.എസ്.ശിവകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സമീപം.*

**തിരുവനന്തപുരം:** പട്ടം കൈലാസ് പ്ലാസയിൽ പ്രവർത്തിച്ചു വരുന്ന ശാന്തിഗിരി ആയുർവേദ ആന്റ് സിദ്ധ ഹെൽത്ത് കെയർ സെന്ററിന്റെ നവീകരിച്ച ഔഷധശാലയുടെ ഉദ്ഘാടനവും വില്പനയും വി.എസ്. ശിവകുമാർ എം.എൽ.എ.നിർവഹിച്ചു. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മഹനീയ സാന്നിധ്യം വഹിച്ച ചടങ്ങിൽ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, നഗരസഭ കൗൺസിലർമാരായ രമ്യ രമേശ്, സ്റ്റെഫി ജെ. ജോർജ്, ഡോ. ബി. രാജ്കുമാർ, സബീർ തിരുമല, എസ്. സേതുനാഥ്, ഡോ. പി.വി ഷാബേൽ, തുടങ്ങിയവർ സംബന്ധിച്ചു. ദേശീയ ആയുർവേദ ദിനത്തോടനുബന്ധിച്ചുള്ള വേദനനിവാരണം ആയുർവേദത്തിലൂടെ എന്ന തുടർപദ്ധതിയെക്കുറിച്ച് ഡോ. ബി.രാജ്കുമാർ വിശദീകരിച്ചു. ശാന്തിഗിരി ഔഷധ ഉല്പന്നങ്ങൾ 15 ശതമാനം വിലക്കുറവിൽ ഈ ഔഷധശാലയിൽ നിന്നും ലഭിക്കുന്നതാണ്. രാവിലെ ഒൻപത് മണി മുതൽ രാത്രി ഒൻപത് മണി വരെയാണ് പ്രവർത്തനസമയം. മെട്രോ മനോരമ വായനക്കാർക്കും മനോരമ പ്രിവിലേജ് കാർഡ് ഉടമകൾക്കും പ്രത്യേക ഡിസ്കൗണ്ട് ലഭിക്കും.

# ഹരിതകേരളം ; ശംഖുമുഖത്ത് മണൽശില്പമൊരുക്കി ശാന്തിഗിരി വിദ്യാഭവൻ

**തിരുവനന്തപുരം:** ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വായുവും മണ്ണും ജലവും ഭാവിതലമുറയ്ക്കായി സംരക്ഷിക്കണമെന്ന സന്ദേശമുയർത്തി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന്റെ ആഭിമുഖ്യത്തിൽ ശംഖുമുഖത്ത് മണൽശില്പമൊരുക്കി. അദ്ധ്യാപകനായ ഷൈജു കെ. മാലൂർ, ശില്പി പ്രശാന്ത് ചെറുതാഴം എന്നിവരുടെ നേതൃത്വത്തിലാണ് 'പ്ലാസ്റ്റിക് യക്ഷി' എന്ന മണൽശില്പം ഒരുക്കിയത്. പ്ലാസ്റ്റിക് ഒരു യക്ഷിയെപ്പോലെ വന്ന് പ്രകൃതിവിഭവങ്ങളെ വിഴുങ്ങുകയാണെന്ന വസ്തുത നമ്മൾ തിരിച്ചറിയണം. പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയാതെ പുനരുപയോഗ കേന്ദ്രങ്ങളിൽ എത്തിക്കുകയാണ് വേണ്ടത്. ഈ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നത് ലക്ഷ്യമിട്ടാണ് ശില്പമൊരുക്കിയത്. സ്കൂൾ പരിസ്ഥിതി ക്ലബ് അംഗങ്ങളായ ബിജുകുമാർ, പ്രദീപ് വി.എസ്., ഗിരീഷ് പി., ബിന്ദു നന്ദന എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.



*ശംഖുമുഖം ബീച്ചിൽ ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ ഒരുക്കിയ 'പ്ലാസ്റ്റിക് യക്ഷി' മണൽശില്പം*

# ശുചിത്വബോധം പകർന്ന് ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ



*വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ സ്ഥാപിച്ച വെയ്സ്റ്റ് ബിൻ*

**വെഞ്ഞാറമൂട്:** മാലിന്യശേഖരണത്തിനും നിർമാർജനത്തിനും എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നവീന മാതൃകയൊരുക്കി ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ. പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരുത്സാഹപ്പെടുത്തുന്നതിനു വേണ്ടി ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കറി സ്കൂളിലെ നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർ വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിൽ, വേസ്റ്റ് ബിൻ സ്ഥാപിച്ചുകൊണ്ടാണ് മാതൃകയായത്.

വിദ്യാർത്ഥികൾ രൂപകൽപ്പന ചെയ്ത ഈ പാഴ്ക്കൂട, അരയന്ന രൂപത്തിലുള്ളതും പതിവ് വേസ്റ്റ് ബാസ്ക്കറ്റുകളിൽ നിന്നും വ്യത്യസ്ഥമായി സിമെന്റിൽ നിർമ്മിച്ചവയുമാണ്. 'സ്നേഹദൂതൻ' എന്ന് നാമകരണം ചെയ്ത സംഭരണിയുടെ നിർമ്മാണത്തിന് ചിത്രകാരനും ശിൽപ്പിയുമായ ക്ഷേമനാണ് വിദ്യാർത്ഥികൾക്ക് മാർഗനിർദേശങ്ങൾ നൽകിയത്. ഇക്കഴിഞ്ഞ ഗാന്ധി ജയന്തിദിനത്തിൽ വിദ്യാർത്ഥികൾ കെ.എസ്. ആർ.ടി.സി. ബസ് സ്റ്റാൻഡും പരിസരവും വൃത്തിയാക്കുകയും ബസുകൾ കഴുകുകയും ചെയ്തിരുന്നു. അതിന്റെ തുടർച്ചയായാണ് ഇപ്പോൾ വേസ്റ്റ് ബാസ്ക്കറ്റ് സ്ഥാപിച്ചത്.

മാലിന്യനിർമ്മാർജനം സമൂഹത്തിന്റെ ആവശ്യമാണെന്നും പക്ഷിരൂപത്തിലുള്ള പ്ലാസ്റ്റിക് വർജിത വേസ്റ്റ് ബിൻ ശ്രദ്ധയാകർഷിക്കുന്നതും ഫലപ്രദവുമായ മാതൃകയാണെന്നും വെഞ്ഞാറമൂട് ഡിപ്പോ ജനറൽ കൺട്രോളിംഗ് ഇൻസ്പെകർ പ്രദീപ്. ഡി. നായർ ഉദ്ഘാടനച്ചടങ്ങിൽ അഭിപ്രായപ്പെട്ടു. ശുചിത്വം വീടുകളിൽ മാത്രം പോര, മറിച്ച് പൊതുസ്ഥലങ്ങളിലും പാലിക്കേണ്ടതാണെന്ന് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് ശുചിത്വപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതെന്ന് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എ. സജീർ. പറഞ്ഞു. ശാന്തിഗിരി ആശ്രമം എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇൻചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ സജീവ്, ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ കൺവീനർ എച്ച്. പ്രേംദാസ്, എൻ.എസ്.എസ് യൂണിറ്റ് കോഡിനേറ്റർ പ്രിയ ബാലചന്ദ്രൻ എന്നിവരും എൻ.എസ്.എസ് വോളണ്ടിയർമാരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.



*ആശ്രമം സന്ദർശിച്ച ഇരിങ്ങാലക്കുട ഗവ. ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ സഹകരണമന്ദിരത്തിനു മുന്നിൽ*



*ശാന്തിഗിരി വിദ്യാഭവനിൽ സംഘടിപ്പിച്ച ഭാഷാപരിജ്ഞാന ക്ലാസിൽ കെ.പി. ശിവകുമാർ സംസാരിക്കുന്നു*




*രാജസ്ഥാനിലെ ഭിവാഡിയിൽ ശാന്തിഗിരി ആശ്രമം, രാജസ്ഥാൻ സർക്കാരുമായി ചേർന്ന് സംഘടിപ്പിച്ച സിദ്ധ മെഡിക്കൽ ക്യാമ്പിൽ നിന്ന്*

ഗുരുചരണം ശരണം

**ശാന്തിഗിരി ആരൂഢശുദ്ധി**

**കുറഞ്ഞ ചെലവിൽ ആശ്രമോചിതമായ ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നു**

വിവരങ്ങൾക്ക്: 8111849007, 9496294279, 9446438515, 8111882324

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala